(ബി) കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വാങ്ങിയ 10 ഏക്കർ സ്ഥലം അതിന്റെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ തന്നെ നിലനിർത്തി വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(സി) മരുതോങ്കരയിലെ പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 20-1-2014-ലെ സ.ഉ.(സാധാ) നമ്പർ 98/14/പജപവവിവ. പ്രകാരം ഉത്തരവാകുകയും കെട്ടിട നിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 21-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 356/2014/പജപവവിവ. പ്രകാരം 3,00,000 രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം

295 (2851) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-വർഗ്ഗ ക്ഷേമത്തിന് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി ക്ഷേമ പദ്ധതികളുടെ നിർവഹണ ചുമതല മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രഷറി ഇടപാട് നടത്തുന്നതിനുള്ള ഡി.ഡി.ഒ. കോഡ് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ തുക നടപ്പു സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി ക്ഷേമപദ്ധതികളുടെ നിർവ്വഹണ ചുമതല ഇപ്പോൾ അസിസ്റ്റന്റ് സെക്രട്ടറിമാർക്കാണ്.

(സി) ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ഡി.ഡി.ഒ. കോഡ് നൽകിയിട്ടുണ്ട്.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി ബഡ്ജറ്റിൽ 478,63,34,000 രൂപയും പട്ടികജാതി വികസന വകുപ്പിന് 1,03,442 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഇ) ബഡ്ജറ്റ് വിഹിതം നടപ്പ് സാമ്പത്തിക വർഷം പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിഭാഗക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ

296 (2852) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം, ടോയ്‌ലറ്റ്, സ്വയംതൊഴിൽ, ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ്, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഭൂരഹിതപദ്ധതി, അഭിഭാഷക ധനസഹായം, പ്രവേശന പരീക്ഷാ പരിശീലനം എന്നീ ആനുകൂല്യങ്ങൾക്കായി 2010-11,2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഓരോ ഇനത്തിലും നീക്കിവച്ച തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) മേൽ ഇനത്തിൽ തിരുവനന്തപുരം ജില്ലയിൽ ഓരോ വർഷവും എത്ര അപേക്ഷകൾ ഉണ്ടായിരുന്നുവെന്നും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഓരോ ഇനത്തിലും ഏതെല്ലാം അപേക്ഷകൾ എന്തിന്റെ അടിസ്ഥാനത്തിൽ നിരസിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly